കോ-ഓർഡിനേഷൻ കമ്മിറ്റി
**കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ &**
**കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ**
(Affiliated to AIRRBEA & BEFI)
സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505
Email: kgbeumpm@gmail.com, visit:www.kgbeuou.com

സർക്കുലർ 13/2022 — 18.07.2022

## സ്ഥാപനം സംരക്ഷിക്കുന്നതിനായി അഭിമാനപ്പോരാട്ടത്തിലേക്ക്
## ജൂലൈ 25 പണിമുടക്കം വൻ വിജയമാക്കുക

സഖാക്കളെ,

നമ്മുടെ ഒരു ശാഖയിൽ ചാർജിലുണ്ടായിരുന്ന മാനേജർക്ക് അപകടം സംഭവിച്ച് ശരീരത്തിൽ ഇട്ടിരുന്ന സ്റ്റീൽ remove ചെയ്യുന്നതിന് രണ്ട് ദിവസത്തെ അവധി ചോദിച്ചു. Deputation നൽകാൻ ആൾ ഇല്ലാത്തതിനാൽ അവധി അപേക്ഷ മടക്കി. ഇന്നിത് നമ്മുടെ ബാങ്കിൽ സ്ഥിരം കാഴ്ചയാണ്. സ്വന്തം മക്കൾക്കോ അച്ഛനമ്മമാർക്കോ അസുഖം വന്നാൽപ്പോലും ഡോക്ടറെ കാണിക്കണമെങ്കിൽ ആരുടെയെങ്കിലും കരുണയ്ക്ക് വേണ്ടി നാം കാത്തിരിക്കണം. കഴിഞ്ഞ നാല് കൊല്ലമായി മുൻ വർഷങ്ങളിലേതിന് സമാനമായ ഒരു ബിസിനസ്സ് വളർച്ച ഉണ്ടാവുന്നില്ല എന്ന് മാത്രമല്ല അത് താഴേക്ക് കിതക്കുകയുമാണ്.

എന്ത് കൊണ്ടാണ് ഒഴിച്ച് കൂടാനാവാത്ത ആവശ്യങ്ങൾക്ക് പോലും അവധി എടുക്കാൻ നമ്മുടെ ജീവനക്കാർക്ക് സാധിക്കുന്ന സാഹചര്യം ഇവിടെ ഇല്ലാത്തത്?

എന്ത് കൊണ്ടാണ് നമ്മുടെ ബാങ്കിന്റെ ബിസിനസ്സ് കഴിഞ്ഞ കാലങ്ങളിലേതിന് സമാനമായ രീതിയിൽ വളരാത്തത്?

നമ്മുടെ ബാങ്കിന്റെ ഓരോ പ്രതിസന്ധിക്കും കാരണം ഇവിടുത്തെ ജീവനക്കാരുടെ ദൗർലഭ്യം ആണ് എന്ന ഉത്തരത്തിലാണ് നാം എത്തിച്ചേരുക. അത്രയും രൂക്ഷമായ staff shortage ആണ് നാം അനുഭവിക്കുന്നത്.

അതിനെതിരെ ബാങ്ക് ജീവനക്കാരുടെ ആത്മാഭിമാനം ഉയർത്തിപ്പിടിക്കുന്ന പോരാട്ടത്തിനായി ജൂലൈ 25 ന് നാം തുടക്കം കുറിക്കുകയാണ്. സ്ഥാപനത്തെ നില നിർത്തുന്നതിനു വേണ്ടി ഏറ്റവും പ്രധാനപ്പെട്ട മൂന്ന് ആവശ്യങ്ങൾ ഉയർത്തിക്കൊണ്ട് നമ്മുടെ ബാങ്കിലെ ജോയിന്റ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ വലിയ പ്രക്ഷോഭം നടത്തുകയും അതിന്റെ പരിസമാപ്തി എന്ന നിലയിൽ ഉണ്ടാക്കിയ കരാർ മാനേജ്മന്റ് നഗ്നമായി ലംഘിക്കുകയും ചെയ്ത പശ്ചാത്തലത്തിൽ കരാർ ലംഘനത്തിനെതിരെ നമ്മുടെ ബാങ്കിലെ മുഴുവൻ സംഘടനകളുടെയും സംയുക്താഭിമുഖ്യത്തിൽ ജൂലൈ 25 ന് പണിമുടക്ക് സമരം നടത്താൻ നാം തീരുമാനിച്ചിരിക്കുകയാണ്. ഈ സമരത്തിന്റെ ഏറ്റവും വലിയ പ്രത്യേകത എന്നത്, നാം ഉയർത്തിപ്പിടിക്കുന്ന ആവശ്യങ്ങൾ അംഗീകരിക്കപ്പെട്ടു കഴിഞ്ഞാലും സമരം ചെയ്യുന്ന ജീവനക്കാർക്ക് ഒരുതരത്തിലുള്ള സാമ്പത്തിക മെച്ചവും ഇതിലൂടെ ലഭ്യമാവില്ല എന്നതാണ്. പതിനൊന്നാം ഉഭയകക്ഷി കരാർ പൂർണമായും നടപ്പിലാക്കുക, പ്രമോഷൻ നടപടികൾ പൊതുമേഖലാ വാണിജ്യ ബാങ്കുകളുടേതിന് സമാനമാക്കുക തുടങ്ങി നിരവധിയായ വിഷയങ്ങൾ ഇനിയും നമുക്ക് നേടിയെടുക്കാനായുണ്ട്. അതൊക്കെ മാറ്റി നിർത്തിയാണ് ജീവനക്കാരുടെ സേവന വേതന ആനുകൂല്യങ്ങളൊന്നും ഇല്ലാത്ത ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ട് നാം ഒരു സമരത്തിലേക്ക് ഇറങ്ങിയിരിക്കുന്നത്.

നമ്മുടെ ചുറ്റുപാടും ഒന്ന് കണ്ണോടിച്ചു കഴിഞ്ഞാൽ ബാങ്കിംഗ് മേഖല മാത്രമല്ല രാജ്യത്ത് കേന്ദ്ര സർക്കാർ ഉടമസ്ഥതയിലുള്ള ഒരു പൊതുമേഖലാ- സർക്കാർ സ്ഥാപനങ്ങളിലും ജീവനക്കാരെ നിയമിക്കുന്നില്ല എന്ന് കാണാൻ വേണ്ടി കഴിയും. ഏറ്റവും വലിയ ബാങ്കായ സ്റ്റേറ്റ്ബാങ്ക് ഓഫ് ഇന്ത്യയിൽ ഇനി മുതൽ ക്ലറിക്കൽ ജീവനക്കാരെ നിയമിക്കേണ്ടതില്ല എന്ന് അവർ തീരുമാനിച്ചു കഴിഞ്ഞു. അതിനായി ഒരു സബ്സിഡിയറി കമ്പനി തന്നെ രൂപീകരിക്കാൻ റിസർവ്വ് ബാങ്ക് അനുമതിയും കൊടുത്തു. പ്യൂൺ തസ്തികകൾ നേരത്തെ തന്നെ അവർ കരാർവൽക്കരിച്ചു കഴിഞ്ഞു. കനറാ ബാങ്ക്, പഞ്ചാബ് നാഷണൽ ബാങ്ക് ഉൾപ്പെടെയുള്ള വമ്പൻ ബാങ്കുകളും തുടരുന്ന മാതൃക മറ്റൊന്നല്ല. ബാങ്കിംഗ് മേഖലയ്ക്ക് പുറത്തും ഇത് വ്യാപകമായി നാം കണ്ടു കൊണ്ടിരിക്കുകയാണ്. രാജ്യത്ത് തുടർന്ന് കൊണ്ടിരിക്കുന്ന തൊഴിലാളി വിരുദ്ധ - ദേശവിരുദ്ധ നയങ്ങൾ രാജ്യത്ത് ഏറ്റവും തന്ത്രപ്രധാനമായ പ്രതിരോധ മേഖലയിൽ പോലും കരാർ വൽക്കരണത്തിനു പച്ചക്കൊടി കാട്ടുമ്പോൾ മറ്റിടങ്ങളിൽ പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ. ചെറുതും വലുതുമായ പ്രതിഷേധങ്ങൾ അങ്ങിങ്ങായി ഉയരുന്നുണ്ടെങ്കിലും വലിയൊരു പ്രക്ഷോഭത്തിലേക്ക് ജീവനക്കാരുടെയും പൊതുമേഖലയുടെയും നില നില്പിനെത്തന്നെ ബാധിക്കുന്ന ഇത്രയും വലിയ വിഷയത്തെ കൊണ്ട് ചെന്നെത്തിക്കാൻ പല കാരണങ്ങൾ കൊണ്ട് സംഘടനകൾക്ക് സാധിച്ചിട്ടില്ല. അവിടെയാണ് നമ്മുടേത് പോലുള്ള ഒരു ബാങ്കിൽ നാല് വ്യത്യസ്ഥ നിലപാടുകളുള്ള സംഘടനകൾ എല്ലാ അഭിപ്രായ വ്യത്യാസങ്ങളും മാറ്റി വച്ച് ഇത്തരമൊരു സമരത്തിലേക്ക് ഇറങ്ങിത്തിരിച്ചിരിക്കുന്നത്.

മുഴുവൻ തസ്തികകളിലേക്കും ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുക, താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക, BC നിയമനം പൂർണമായും പിൻവലിക്കുക എന്നീ ആവശ്യങ്ങൾ മുന്നോട്ട് വച്ച് കൊണ്ട് കഴിഞ്ഞ ഡിസംബർ മാസം മുതൽ നാം പ്രക്ഷോഭം ആരംഭിക്കുകയും ആവശ്യങ്ങൾ അംഗീകരിക്കാമെന്ന രേഖാമൂലമുള്ള ഉറപ്പിന്മേൽ ഫെബ്രുവരി 10 ന് പ്രക്ഷോഭം പിൻവലിക്കുകയും ചെയ്തു. എന്നാൽ എഴുതി ഒപ്പിട്ടു തന്ന കരാർ അട്ടിമറിച്ചു കൊണ്ടാണ് മാനേജ്മെന്റ് മുന്നോട്ട് പോകുന്നത്. മാനേജ്മെന്റിന്റെ കരാർ ലംഘനത്തിനെതിരായാണ് ഈ സമരം നാം നടത്തുന്നത്.

നമ്മുടെ ബാങ്കിൽ നിയമനം നടത്തുന്നതിനായി വേക്കൻസി നിർണയിക്കേണ്ടത് ബാങ്ക് ബോർഡ് അംഗീകരിച്ച മിത്രാ മാൻ പവർ കമ്മിറ്റി മുഖേനയാണ്. യഥാർത്ഥത്തിൽ മിത്രാ കമ്മിറ്റി എന്നത് ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് വേണ്ടി ഉണ്ടാക്കിയ ഒരു റിപ്പോർട്ടല്ല. Post CBS പ്ലാറ്റ്ഫോമിൽ അന്ന് നിലവിലുണ്ടായിരുന്ന ജീവനക്കാരുടെ എണ്ണം കുറയ്ക്കുന്നതിനായി കേന്ദ്ര സർക്കാർ ശുപാർശ ചെയ്ത് നബാർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ആയ എസ് കെ മിത്ര അധ്യക്ഷനായ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ രൂപീകരിച്ച ഒരു റിപ്പോർട്ട് 2015 ൽ കേന്ദ്ര സർക്കാർ തീരുമാന പ്രകാരം നമ്മുടേതുൾപ്പെടെ മുഴുവൻ ഗ്രാമീണ ബാങ്കുകളും അംഗീകരിക്കുകയായിരുന്നു. ജീവനക്കാരുടെ എണ്ണം കുറക്കാനുള്ള ശുപാർശ ആയതിനാൽ ഏതാണ്ടെല്ലാ സംഘടനകളും ആദ്യകാലം മുതൽക്കു തന്നെ ഇതിനോടുള്ള വിയോജിപ്പും നില നിർത്തിപ്പോന്നിരുന്നു. എന്നാൽ ബാങ്ക് ബോർഡ് അംഗീകരിച്ച ഈ നിയമപ്രകാരം പോലും നിയമനം നടത്താൻ നമ്മുടെ മാനേജ്മന്റ് തയ്യാറാവുന്നില്ല എന്നതാണ് പ്രക്ഷോഭത്തിനാധാരമായ വിഷയങ്ങളിൽ ഒന്ന്. റിക്രൂട്മെന്റ് നിയമപ്രകാരം, സ്പോൺസർ ബാങ്കുകൾ ഗ്രാമീണ ബാങ്കുകളുടെ നിയമന കാര്യങ്ങളിൽ ഇടപെടാൻ പാടില്ല. JCC (Joint Consultative Committee) പോലുള്ള വേദിയിലും സ്പോൺസർ ബാങ്കുകൾ ഇതിൽ ഇടപെടാൻ പാടില്ല എന്ന് സംശയലേശഭേദമന്യേ എഴുതി വച്ചിട്ടുണ്ട്. നബാർഡ്, ഗ്രാമീണ ബാങ്ക് ചെയർമാൻമാർക്ക് ഇത് സംബന്ധിച്ച കത്തും അയച്ചതാണ്. എന്നാൽ നമ്മുടെ സ്പോൺസർ ബാങ്കായ കനറാ ബാങ്ക് അനാവശ്യമായി ഈ വിഷയത്തിൽ കൈകടത്തിയതാണ് വേക്കൻസികൾ നാമമാത്രമായി പരിമിതപ്പെടാനുള്ള മുഖ്യകാരണം. ബാങ്ക് ഡയറക്ടർ ബോർഡിൽ മാത്രം നിക്ഷിപ്തമായിട്ടുള്ള ഈ അധികാരം സ്പോൺസർ ബാങ്കിന്റെ ദയാവായ്പിന് മുന്നിൽ അടിയറ വെക്കാൻ കാരണം നമ്മുടെ ബാങ്ക് ഭരിച്ചു കൊണ്ടിരിക്കുന്ന മാനേജ്മെന്റിന്റെയും അതിനു നേതൃത്വം നൽകുന്ന ചെയർമാന്റെയും കഴിവ് കേട് മാത്രമാണ്. ജീവനക്കാരുടെ പ്രതിനിധികളുടെ ചോദ്യങ്ങൾക്ക് മുന്നിൽ ശിരസ്സ് കുനിച്ചു നിൽക്കാനല്ലാതെ അദ്ദേഹത്തിന് ഒന്നും ആവുന്നില്ല എന്നത് അപഹാസ്യമാണ്. സ്വന്തം പ്രമോഷൻ നേടിയെടുക്കാൻ വേണ്ടിയുള്ള ചവിട്ടു പടിയായി മാത്രം നമ്മുടെ മഹത്തായ സ്ഥാപനത്തെ കാണുന്ന സ്പോൺസർ ബാങ്കിലെ കങ്കാണിമാരെ നിലയ്ക്ക് നിർത്താൻ ഇനിയും നാം അമാന്തിച്ചു കൂടാ.

ഇതിനിടയിൽ രണ്ട് തവണ മാനേജ്മെന്റ് അനുരഞ്ജന യോഗം വിളിച്ചു ചേർത്തു. ജൂലൈ 12 നാണ് ആദ്യത്തെ യോഗം ചേർന്നത്. അന്ന് വൈകിട്ട് 4 മണിക്ക് ചേരാനുള്ള യോഗത്തിന്റെ വിവരം 3:15 നാണ് സംഘടനകളെ വാക്കാൽ പോലും അറിയിക്കുന്നത്. യോഗ വിവരം നേരത്തെ അറിയിക്കാൻ പോലും തയ്യാറാവാത്ത മാനേജ്മെന്റ് നിലപാട് തുറന്നു കാട്ടുന്നത് ഈ സ്ഥാപനത്തിലെ വ്യാവസായിക അന്തരീക്ഷം മെച്ചപ്പെട്ട രീതിയിൽ നില നിർത്താൻ തങ്ങൾ ആഗ്രഹിക്കുന്നില്ല എന്ന് തന്നെയാണ്. HR GM ഉൾപ്പെടെ രണ്ട് ജനറൽ മാനേജർമാരാണ് ആ യോഗത്തിൽ പങ്കെടുത്തത്. രണ്ടാമത്തെ യോഗം ജൂലൈ 15 ന് ചെയർമാന്റെ ക്യാബിനിൽ നടന്നു. രണ്ട് യോഗത്തിലും മാനേജ്മെന്റ് ഭാഗത്തു നിന്നും തീർത്തും നിരുത്തരവാദപരമായ പെരുമാറ്റമാണ് ഉണ്ടായത്. മാർച്ച് 31 ന്റെ ബിസിനസ്സ് ഫിഗർ അനുസരിച്ച് മിത്രാ കമ്മിറ്റി ശുപാർശ പ്രകാരം വേക്കൻസികൾ നിർണയിച്ച് നിയമനം നടത്താം എന്ന രേഖാമൂലമുള്ള ഉറപ്പ് കാറ്റിൽ പറത്തി ഇപ്പോൾ ചെയർമാൻ പറയുന്നത് ഡിസംബർ 31 നു ശേഷം മാത്രമേ ഈ കാര്യത്തെക്കുറിച്ച് ആലോചിക്കാൻ കഴിയുള്ളൂ എന്നാണ്. ക്ലറിക്കൽ തസ്തികയിൽ 880 വേക്കൻസികളും ഓഫീസർ തസ്തികയിൽ 1035 വേക്കൻസികളും നില നിൽക്കെ ജീവനക്കാരുടെ ആത്മാഭിമാനത്തെ പോലും ചോദ്യം ചെയ്യുന്ന നിലയിൽ പ്രതികരിക്കുന്ന ചെയർമാന്റെ ധിക്കാര നിലപാടിനെ ശക്തമായ നിലയിൽ നാം ചോദ്യം ചെയ്തേ മതിയാവൂ. എന്നാലോ ജനറൽ മാനേജർ തസ്തികയിൽ 3 പേര് വേണ്ടിടത്ത് 6 പേരെ നിയമിച്ച് ചരിത്രത്തിൽ ആദ്യമായി 'അരപ്പണി ജനറൽ മാനേജർമാരെ' പ്രതിഷ്ഠിച്ചിരിക്കുകയുമാണ്. ഒരു ജനറൽ മാനേജർ ചെയ്യേണ്ടുന്ന ജോലി ചെയ്യാൻ രണ്ട് ജനറൽ മാനേജരെ പ്രതിഷ്ഠിച്ചപ്പോൾ ഇവിടുത്തെ ഓരോ സാധാരണ ജീവനക്കാരനും രണ്ട് ജീവനക്കാരുടെ ജോലി ചെയ്യേണ്ടുന്ന ഗതികേടും സംജാതമായിരിക്കുന്നു.

ഒരു വശത്ത് ജീവനക്കാരെ നിയമിക്കാതിരിക്കുകയും മറുവശത്ത് BC നിയമനം ശക്തമായി നടപ്പിലാക്കുകയും ചെയ്യുന്ന രീതി മാനേജ്മെന്റ് ഈ സാഹചര്യത്തിൽ തകൃതിയായി തുടരുകയാണ്. തൊഴിലാളി വിരുദ്ധത നിറഞ്ഞാടുന്ന സ്പോൺസർ ബാങ്കിൽ പോലും BC മാർ പെട്ടിയും മടക്കി വിട പറഞ്ഞു കൊണ്ടിരിക്കുകയാണ്. അവിടെ Financial Inclusion എന്ന ആവശ്യത്തിനായി മാത്രം BC മാരെ നിജപ്പെടുത്തിയപ്പോൾ അവരുടെ കയ്യിലുള്ള മെഷീൻ ബ്രാഞ്ചിന്റെ ഒരു നിശ്ചിത പരിധിക്കകത്ത് ഉപയോഗിക്കാൻ പറ്റാതാവുകയും ബാങ്കിംഗ് സേവനം ലഭ്യമല്ലാത്ത ഇടങ്ങളിലേക്ക് മാത്രം ഉപയോഗയോഗ്യമാവുകയും ചെയ്തു. കേരളത്തിൽ അത്തരം സാഹചര്യമുള്ള ഇടങ്ങൾ വളരെ കുറവുമാണ്.

ആയതിനാൽ BC എന്ന സംവിധാനം കനറാ ബാങ്കിൽ അസ്തമിച്ചു കൊണ്ടിരിക്കുകയാണ്. "wherever staff shortage is there, you indent for BC otherwise one more staff member will be lifted" എന്ന ഭീഷണിയും BMC ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ ഉയർത്താൻ ജനറൽ മാനേജർമാർ തുനിഞ്ഞിരിക്കുകയാണ്. ഇതൊക്കെ പച്ചയായി തുറന്നു കാട്ടുന്നത് ജീവനക്കാരുടെ ഒഴിവുകൾ BC മാരെ വച്ച് നികത്താം എന്ന നിലപാട് തന്നെയാണ്. എന്നാൽ CSB പോലുള്ള ബാങ്കിൽ കരാർ അടിസ്ഥാനത്തിൽ തൊഴിലാളികളെ നിയമിച്ച് സ്ഥിരം നിയമനം അട്ടിമറിക്കുന്നതോടൊപ്പം ജീവനക്കാരെ രണ്ട് തട്ടിലാക്കി ഭിന്നിപ്പിച്ച് ഭരിക്കാനുള്ള മാനേജ്മെന്റ് കുതന്ത്രങ്ങളും നടമാടുന്നത് നേരിൽക്കണ്ട ആത്മാഭിമാനമുള്ള ഇവിടുത്തെ മുഴുവൻ സംഘടനകളും BC നിയമനത്തെ ശക്തമായി എതിർക്കാൻ രംഗത്ത് വന്നു എന്നുള്ളതും ഒരു തരത്തിലും BC നിയമനവുമായി സഹകരിക്കേണ്ടതില്ല എന്ന നിലപാടെടുത്തതും സ്വാഗതാർഹമാണ്.

താൽക്കാലിക ജീവനക്കാരുടെ സ്ഥിരപ്പെടുത്തൽ വിഷയത്തിലും മാനേജ്മെന്റിന്റെ ഭാഗത്തു നിന്നും തീർത്തും അലംഭാവം നിറഞ്ഞ പ്രവൃത്തിയാണ് ഉണ്ടായത്. വിഷയത്തിൽ തീരുമാനമെടുക്കാനുള്ള അധികാരം പൂർണമായും ബാങ്ക് ബോർഡിന് ആയിരിക്കെ നബാർഡിലേക്ക് കൈമാറിയിരിക്കുകയാണ്. നിലവിലുണ്ടായിരുന്ന അനുകൂല സാഹചര്യം കൂടുതൽ സങ്കീർണ്ണമാക്കാനല്ലാതെ ഇത് യാതൊരു തരത്തിലും ഉപകരിക്കില്ല.

കുറച്ചു നാൾ മുമ്പേ ഷംസുദ്ധീൻ എന്ന് പേരുള്ള നമ്മുടെ ഒരു സഹപ്രവർത്തകൻ അകാലത്തിൽ മരണപ്പെട്ടത് സ്വന്തമായി കിടപ്പാടം പോലുമില്ലാതെയാണ്. ഇരുപത് വർഷം ജോലി ചെയ്ത ഒരാളുടെ ഈ ദുരവസ്ഥയ്ക്ക് കാരണം സ്ഥിരനിയമനം നടത്താതെ വ്യാപകമായി താൽക്കാലികവൽക്കരണം നടത്തുന്ന ദുഷിച്ച വ്യവസ്ഥിതിയാണ്. പത്തും ഇരുപതും വർഷക്കാലം താൽക്കാലിക ജീവനക്കാരായി ജോലി ചെയ്യുന്ന നൂറു കണക്കിന് ജീവനക്കാർ നമ്മുടെ ബാങ്കിലുണ്ട്. 2018 ൽ നമ്മുടെ സംഘടനയുടെ ആഭിമുഖ്യത്തിൽ പത്ത് ദിവസം നീണ്ടു നിന്ന അനിശ്ചിതകാല സമരം ഒത്തു തീർപ്പിലെത്തിയത് കൃത്യമായ ധാരണയോടെയാണ്. 329 വേക്കൻസികൾ 2016 ലെ ബിസിനസ്സ് അനുസരിച്ച് പ്രഖ്യാപിച്ചിട്ടും അതിലേക്ക് നിയമനം നടത്തിയില്ല എന്ന് മാത്രമല്ല ആശ്രിത നിയമന അപേക്ഷകൾ പോലും നിരാകരിച്ചിരിക്കുകയാണ്. നമ്മുടെ കൂടെ ജോലി ചെയ്യുന്നതിനിടെ മരണപ്പെട്ട രണ്ട് ജീവനക്കാരുടെ കുടുംബത്തിന്റെ OATD തസ്തികയിലേക്കുള്ള ആശ്രിത നിയമന അപേക്ഷയാണ് വേക്കൻസി ഇല്ല എന്ന കാരണം പറഞ്ഞു തള്ളിയത്. അതോടൊപ്പം OAST തസ്തികയിലേക്കുള്ള അപേക്ഷ ആസ്തിയുടെ ആധിക്യം എന്ന വിടുവായത്തം പറഞ്ഞും തള്ളി. ജീവനക്കാർക്ക് അത്യാഹിതം സംഭവിച്ചാൽ പോലും അത് തങ്ങളെ തെല്ലും ബാധിക്കില്ല എന്ന അഹന്ത ഒരിക്കലും ഒരു മാനേജ്മെന്റിന് ചേർന്നതല്ല. അത് അംഗീകരിക്കാനും കഴിയില്ല. അതിനെതിരായ പോരാട്ടം ആരംഭിക്കാൻ നാം തീരുമാനിച്ചിരിക്കുകയുമാണ്. നിയമം പൂർണമായും അനുകൂലമാണെങ്കിൽ പോലും ഇതൊന്നും സ്ഥാപനത്തിന്റെയോ തൊഴിലാളികളുടെയോ സംരക്ഷണത്തിനും ഉന്നമനത്തിനും ഉപയോഗിക്കില്ല എന്ന ദുർവാശിയാണ് മാനേജ്മെന്റ് ഭാഗത്ത് നിന്നും നിരന്തരമായി നമുക്ക് കാണാൻ കഴിയുന്നത്. ഏത് ദുഷിച്ച മനോനിലയാണ് മാനേജ്മെന്റിനെ മുന്നോട്ട് നയിക്കുന്നത് എന്ന് മനസ്സിലാവാത്ത അവസ്ഥയാണ്. നിയമം, മനുഷ്യത്വം, കരുണ, ദയ ഇതിനോടൊക്കെ അകലം പാലിക്കുന്ന ചെയർമാൻ ഉൾപ്പെടുന്ന ഭരണാധികാരികൾ അന്യഗ്രഹ ജീവികൾ എന്ന നിലയിലാണ് ഇവിടെ പെരുമാറുന്നത്.

സഖാക്കളെ, നമ്മുടെ സ്ഥാപനത്തെ സംരക്ഷിക്കുക എന്ന മഹത്തായ ലക്ഷ്യത്തിനായി നാം വലിയ ഒരു പോരാട്ടത്തിനാണ് തുടക്കം കുറിച്ചിരിക്കുന്നത്. ഈ പോരാട്ടം ലക്ഷ്യത്തിലെത്താതെ നമുക്ക് പിന്മാറ്റമില്ല. നിസ്സഹകര സമരം അൻപത് ദിവസത്തോട് അടുക്കുമ്പോഴും കണ്ണ് തുറക്കാൻ തയ്യാറാകാത്ത ധിക്കാരികളുടെ കണ്ണ് തുറപ്പിക്കുന്നതിനായി ശക്തമായ പോരാട്ടത്തിലേർപ്പെടാൻ മുഴുവൻ സഖാക്കളും സ്വമേധയാ തയ്യാറാകണം. അതിനായി ജൂലൈ 25 ന് പ്രഖ്യാപിച്ചിട്ടുള്ള പണിമുടക്ക് സമരം വിജയിപ്പിക്കുന്നതിനും അന്നേ ദിവസം ഹെഡ് ഓഫീസിനും RO കൾക്കും മുമ്പിൽ നടക്കുന്ന പ്രകടനങ്ങൾ വൻ വിജയമാക്കുന്നതിനും മുന്നിട്ടിറങ്ങണം എന്നഭ്യർത്ഥിക്കുന്നു. ഏകദിന പണിമുടക്കത്തെ തുടർന്ന് അതി ശക്തമായ സമരത്തിലേക്ക് കടക്കാനാണ് ജോയിന്റ് ഫോറം തീരുമാനിച്ചിട്ടുള്ളത്. മുഴുവൻ ബാങ്കുകളിലെയും സംഘടനകൾക്ക് പ്രചോദനമാകുന്ന നിലയിൽ അനീതിക്കെതിരെ നില നിൽപ്പ് സമരത്തിനായി നമുക്ക് ഒറ്റക്കെട്ടായി മുന്നേറാം. അതിന്റെ ഒരു തുടക്കമാവട്ടെ ജൂലൈ 25. മുഴുവൻ ആഹ്വാനങ്ങളും നടപ്പിലാക്കാൻ ജീവനക്കാരോട് ഒരിക്കൽക്കൂടി അഭ്യർത്ഥിച്ചു കൊണ്ട് ,

**അഭിവാദനങ്ങളോടെ,**


**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU, 9895710203

**അനൂപ് ടി.ജി**
ജനറൽ സെക്രട്ടറി
KGBOU, 9447383184


മുഴുവൻ പ്രൊബേഷനറി ജീവനക്കാർക്കും നിയമപരമായിത്തന്നെ സമരം ചെയ്യാൻ അവകാശം ഉണ്ട്. ചാവി കയ്യിൽ ഉള്ളവർക്ക് അത് പിടിച്ചു കൊണ്ട് തന്നെ സമരം ചെയ്യാവുന്നതാണ്. ഏതെങ്കിലും തരത്തിലുള്ള സംശയം ഉണ്ടെങ്കിൽ ഉടൻ സംഘടനാ നേതൃത്വവുമായി ബന്ധപ്പെടണം എന്നും മുഴുവൻ പ്രൊബേഷനറി ജീവനക്കാരും സമരത്തിൽ ഉറച്ചു നിൽക്കണമെന്നും അഭ്യർത്ഥിക്കുന്നു.